# അനുബന്ധ ഭാഗം

**വെളിപ്പാട് പുസ്തകത്തിൽ ഉപയോഗിച്ച ആലങ്കാരിക സംഖ്യകൾ**

1 = ഒരു യൂണിറ്റ് (ഒന്ന് മാത്രം)

2 (1+1) = ശക്തീകരിച്ചു

3=ദൈവികത്വ സംഖ്യ

$3^{1}/2$ (ഏഴിന്റെ പകുതി) = അപൂർണ്ണത (42 മാസം; 1260 ദിവസം; "ഒരു കാലം, ഇരുകാലം, അര കാലം" = ഒരു $3^{1}/2$-വർഷം പരീക്ഷണ കാലം, ഭാവിയിൽ പ്രത്യാശയുണ്ടെന്ന് സൂചിപ്പിക്കുന്നു)

4 = സൃഷ്ടിത്വ സംഖ്യ (പ്രപഞ്ചസംബന്ധിയായ സംഖ്യ, മനുഷ്യർ)

5 (പത്തിന്റെ പകുതി) = മിതമായ ശക്തി

6 (7–1) = അപൂർണ്ണത (ദുഷ്ടത, വഞ്ചന, അന്തിമ പരാജയം)

7 (3+4) = പൂർണ്ണത (വിശുദ്ധമായ പൂർണ്ണത)

10 = മനുഷ്യപൂർണ്ണത (തികവ് അല്ലെങ്കിൽ ശക്തി)

12 (3x4) = മതപരമായ പൂർണ്ണത

24 (2x12) = വർദ്ധിപ്പിച്ച മതപരമായ പൂർണ്ണത

40 (4x10) = മനുഷ്യനിലവാരത്തിലുള്ള പൂർണ്ണത

42 ($3^{1}/2$ നോക്കുക)

144 (12x12) = പൂർണ്ണതയിലുള്ള മതപരമായ പൂർണ്ണത

666 (6 നോക്കുക) = അപൂർണ്ണത, ദുഷ്ടത, വഞ്ചന, വർദ്ധിച്ച പരാജയം

1,000 (10x10x10) = പൂർണ്ണതയുടെ പൂർണ്ണതയുടെ പൂർണ്ണത

1,260 ($3^{1}/2$ നോക്കുക)

1,600 (4x4x10x10) = മനുഷ്യനിലവാരത്തിൽ മുഴുവനും

7,000 (7x1,000) = പൂർണ്ണത വർദ്ധിപ്പിച്ചു


12,000 (12x1,000) = പൂർണ്ണത വർദ്ധിപ്പിച്ചു

144,000 (144x1,000) = പൂർണ്ണത വർദ്ധിപ്പിച്ചു

200,000,000 (2xപല 10 കളും) = അജയ്യ ശക്തി

1,000,000,000 വും അധികവും = അസംഖ്യം, മനുഷ്യർക്ക് ഗ്രഹിക്കുന്നതിനപ്പുറം

## റോമാ നഗരം




1. തിബര്യാസിന്റെയും കലിഗുളയുടേയും കൊട്ടാരങ്ങൾ
2. അഗസ്തോസിന്റെ കൊട്ടാരം
3. “വിശുദ്ധ വഴി”
4. റോമൻ ഫോറം
5. സെനറ്റ് ഹൗസ്
6. അഗസ്തോസിന്റെ ഫോറം
7. ജൂലിയസിന്റെ ഫോറം
8. കൺകോഡിന്റെ ആലയം
9. റെക്കോർഡ് ഓഫീസ്
10. ജൂപിറ്ററിന്റെ ആലയം
11. അഗ്രിപ്പാവിന്റെ കുളിമുറികൾ
12. ക്ലൗദ്യോസിന്റെ ഗോപുരം
13. പാന്തെയോൺ
14. പാമ്പെയുടെ തിയേറ്റർ
15. ബാൽബസിന്റെ തിയേറ്റർ
16. സർക്കസ് മാക്സിമസ്
17. ഡയാനയുടെ ആലയം



# സഭ:
# ക്രിസ്തുവിന്റെ മണവാട്ടി

"പുതിയ യെരുശലേം എന്ന വിശുദ്ധനഗരം ഭർത്താവിനായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെ പോലെ ഒരുങ്ങി സ്വർഗത്തിൽനിന്നും ദൈവസന്നിധിയിൽനിന്നു തന്നെ ഇറങ്ങുന്നതും ഞാൻ കണ്ടു" (വെളിപ്പാട് 21:2).

"മണവാട്ടി" എന്ന വാക്ക് നൽകുന്ന വൈകാരികത സഭയ്ക്ക് മറ്റൊരു വാക്കും നമ്മിൽ നൽകുന്നില്ല. പുതിയനിയമത്തിൽ ദൈവജനത്തിനു നൽകുന്ന ഭാവനകളിൽ ഇത്രത്തോളം ഉയർന്ന ഒന്നു കാണുകയില്ലായിരിക്കാം. മണവാട്ടി എന്ന ഭാവന എങ്ങനെ സഭയ്ക്ക് പ്രയോഗിക്കാം?

ക്രിസ്തുവിന്റെ മണവാട്ടി ആയതുകൊണ്ട്, ഭാവിയിൽ സഭയ്ക്ക് ക്രിസ്തു അനുഭവിക്കുന്നതെല്ലാം അനുഭവിക്കുവാൻ കഴിയും. അതിലെ വിശ്വസ്തരായ അംഗങ്ങൾ ക്രിസ്തു പോകുന്ന സ്ഥാനത്തേക്ക് പോകുകയും, ക്രിസ്തുവിന് ലഭിക്കുന്നത് ലഭിക്കുകയും, നിത്യതയിൽ ക്രിസ്തുവുമായി ജീവിക്കുകയും ചെയ്യും.

സഭ ക്രിസ്തുവിന്റെ മണവാട്ടി ആണെന്ന വിവരണം വെളിപ്പാട് 21 ലും 22 ലും കാണാം. സഭയെയും അതിന്റെ അന്തിമസ്ഥാനത്തെയും യോജിപ്പിച്ചുകൊണ്ടാണ് യോഹന്നാൻ ആ വാക്ക് ഉപയോഗിച്ചത്. "ഭർത്താവിനായി അലങ്കരിച്ചിരിക്കുന്ന മണവാട്ടിയെ പോലെ പുതിയ യെരുശലേം സ്വർഗത്തിൽനിന്ന്, ദൈവസന്നിധിയിൽനിന്നു തന്നെ ഇറങ്ങി വരുന്നതായിട്ടാണ്" ആദ്യം യോഹന്നാൻ കണ്ടത് (വെളിപ്പാട് 21:2). പിന്നീട്, യോഹന്നാനോട് ഒരു ദൂതൻ പറഞ്ഞു, "വരിക, കുഞ്ഞാടിന്റെ കാന്തയായ മണവാട്ടിയെ ഞാൻ നിനക്ക് കാണിച്ചു തരാം" (വെളിപ്പാട് 21:9). പിന്നെ ആത്മാവ് അവനെ വലിയതും ഉയർന്നതുമായ ഒരു പർവ്വതത്തിലേക്ക് കൊണ്ടുപോയി. "യെരുശലേം എന്ന വിശുദ്ധ നഗരം സ്വർഗത്തിൽനിന്ന് ദൈവസന്നിധിയിൽനിന്നുതന്നെ ദൈവതേജസോടെ ഇറങ്ങുന്നതായി കാണിച്ചുതന്നു ..." (വെളിപ്പാട് 21:10, 11). ആത്മാവും മണവാട്ടിയും നൽകുന്ന ക്ഷണത്തോടുകൂടിയാണ് വെളിപ്പാട് അവസാനിപ്പിക്കുന്നത്: " 'വരിക' എന്ന് ആത്മാവും മണവാട്ടിയും പറയുന്നു, കേൾക്കുന്നവനും 'വരിക' എന്ന് പറയട്ടെ; ദാഹിക്കുന്നവൻ വരട്ടെ; ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ" (വെളിപ്പാട് 22:17).

ആത്മാവ് പറഞ്ഞതനുസരിച്ച്, സഭ ക്രിസ്തുവിന്റെ ഭൂമിയിലെ പ്രതിശ്രുത വധുവും സ്വർഗത്തിലെ കാന്തയുമാണ്. ഇത് 2 കൊരിന്ത്യർ 11:2 ലെ പൗലൊസിന്റെ പ്രബോധനവുമായി യോജിക്കുന്നു: "ഞാൻ നിങ്ങളെ കുറിച്ച് ക്രിസ്തുവിന്റെ എരിവോടെ എരിയുന്നു. ഞാൻ ക്രിസ്തു എന്ന ഏക പുരുഷന്ന് നിങ്ങളെ നിർമ്മല കന്യകയായി ഏൽപ്പിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു."

വാസ്തവത്തിലുള്ള വിവാഹം നടക്കുമ്പോഴാണ് വിവാഹനിശ്ചയം നിറവേറപ്പെടുന്നത്. പുതിയ യെരുശലേം, എന്ന വിശുദ്ധനഗരം, ഭർത്താവിനായി അലങ്കരിച്ചിരിക്കുന്ന മണവാട്ടിയായി കണ്ട ദർശനത്തെ, വിവാഹനിശ്ചയ

ത്തിൽനിന്നു വിവാഹത്തിലേക്ക് നീങ്ങുന്നതായിട്ടാണ് വിവരിക്കുന്നത്. ആ ചിത്രം സഭയുടെ സ്വഭാവത്തെയും, "മണവാട്ടി" എന്നത് ആലങ്കാരികമായി സഭയുടെ ഭാവിയേയുമാണ് കാണിക്കുന്നത്, കുഞ്ഞാടിന്റെ കാന്ത സ്വർഗ ത്തിൽനിന്നും ഇറങ്ങിവരുന്നത് വ്യക്തമാക്കുന്നത് അതാണ്.

തന്റെ ശരീരമായ സഭയെ രക്ഷിക്കുമെന്ന് യേശു വാഗ്ദാനം ചെയ്തിരുന്നു (എഫെസ്യർ 5:23) – മറ്റൊരു സ്ഥാപനത്തിനും അതില്ല. വെളിപ്പാടിൽ ഭാവി സഭയെ ചിത്രീകരിച്ചിരിക്കുന്നത് മുൻപ് വാഗ്ദാനം ചെയ്തതിന്റെ നിറവേ റലും ദുഷ്ടതയെ ജയിക്കുന്നതുമാണ്. നിങ്ങൾ, തിരുവെഴുത്തു വഴിനടത്തുന്ന ക്രിസ്തുവിനോടും അവന്റെ സഭയോടുമുള്ള വിശ്വസ്തത അന്വേഷിക്കുക.

"മണവാട്ടി" എന്ന വാക്കിൽ സൗന്ദര്യവും, നിർമ്മലതയും, ഭക്തിയും, സഹിഷ്ണുതയും ഉൾപ്പെട്ടിരിക്കുന്നു, സഭയുടെ സ്വഭാവം വ്യക്തമാക്കുവാൻ പരിശുദ്ധാത്മാവ് എന്തുകൊണ്ടാണ് ഈ ഭാവന ഉപയോഗിച്ചിരിക്കുന്നത് എന്നതു വളരെ സ്പഷ്ടമാണ്. ആ ചിത്രം ക്രിസ്ത്യാനികളാകുന്നവർക്ക് ലഭി ക്കുന്ന നേട്ടവും, അഭിനിവേശവും, നമ്മുടെ കടമയും, അവസരങ്ങളുമാണ് കാണിക്കുന്നത്.

തന്റെ സഭയിലേക്ക് പ്രവേശിപ്പാനും അതിൽ ജീവിപ്പാനും എല്ലാവരേയും ക്ഷണിക്കുമ്പോൾ, ഈ ലോകത്തിലെ ഭൗമികമായ സ്വത്തും, സുഖവും മഹ ത്വവും വിട്ടുകളയുവാൻ ആവശ്യപ്പെടുന്നു. പ്രവേശിപ്പാനുള്ള ആ ക്ഷണം യേശുവുമായി ഈ ലോകത്തിലും വരുവാനുള്ളതിലും നിത്യമായ ഒരു ബന്ധം ഉണ്ടാകുന്നതിനാണ്.

*"പത്രൊസ് അവരോട്, 'നിങ്ങൾ ഓരോരുത്തൻ മാനസാന്തരപ്പെട്ട്, യേശു ക്രിസ്തുവിന്റെ നാമത്തിൽ പാപങ്ങളുടെ മോചനത്തിനായി സ്നാനം ഏൽപി ൻ എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം നിങ്ങൾക്ക് ലഭിക്കും ...' "*

*"... രക്ഷിക്കപ്പെടുന്നവരെ അവരോട് [സഭയോട്] ചേർത്തുകൊണ്ടിരുന്നു" (പ്രവൃത്തികൾ 2:38-47).*

എടുത്തിരിക്കുന്നത് "സഭയ്ക്കു വേണ്ട ദൈവത്തിന്റെ രൂപം"
എന്നതിൽനിന്നാണ്
എഡി ക്ലോയർ

# ആയിരാമാണ്ട് വാഴ്ച്ചക്കാരുടെ ഏഴ് തെറ്റുകൾ

വെളിപ്പാട് 20 തെറ്റായി ഉപയോഗിക്കുന്നതിന്റെ ഫലമായി ഉടലെടുത്ത താണ് ആയിരാമാണ്ട് വാഴ്ച്ച എന്ന ദുരുപദേശം. താഴെ കൊടുത്തിരിക്കുന്ന തെറ്റുകളാണ് ആ സിദ്ധാന്തം പഠിപ്പിക്കുന്നത്:

1. തന്റെ രാജ്യം സ്ഥാപിക്കുവാൻ ക്രിസ്തു ഭൂമിയിലേക്ക് വരും.
2. അവൻ യെരുശലേമിൽ നിന്നായിരിക്കും ഭരിക്കുക.
3. അവൻ ദാവീദിന്റെ സിംഹാസനത്തിൽ ഇരിക്കും.
4. മോശെയുടെ ന്യായപ്രമാണം അനുസരിച്ചായിരിക്കും ഭരണം.
5. "ആയിരാമാണ്ട് വാഴ്ച്ചക്ക്" മുൻപ് യുഗം പ്രാകൃത യുദ്ധത്തിലേക്ക് നീങ്ങും ("അർമ്മഗദോൻ യുദ്ധം").
6. രാജ്യത്തിനുപകരമായി പുനർ - ചിന്തയുടെ ഫലമായുണ്ടായ മറ്റൊരു സ്ഥാപനമായിരുന്നു ഒന്നാം നൂറ്റാണ്ടിലെ സഭ. അന്ന് യെഹൂ ദന്മാർ ക്രിസ്തുവിന്റെ രാജ്യം സ്വീകരിക്കാതിരുന്നതിനാൽ, രാജ്യം നീട്ടി വെക്കുകയും സഭ സ്ഥാപിക്കുകയും ചെയ്തു.
7. ആയിരമാണ്ട്-വാഴ്ച്ചക്കാലത്ത്, സാത്താനെ അക്ഷരികമായി ബന്ധി ക്കും. അക്കാലത്ത് പാപികൾക്ക് കർത്താവിനെ സ്വീകരിക്കുവാൻ വീണ്ടും അവസരം ലഭിക്കും. അതിനെ "രണ്ടാം അവസരത്തിലുള്ള സുവിശേഷം" എന്നാണു വിളിക്കുന്നത്.

ആ ഉപദേശത്തെ നമുക്ക് വചനവുമായി ഒത്തുനോക്കാം. സംഖ്യാപരമായി നമുക്ക് ഓരോന്നിനും "കർത്താവ് അപ്രകാരം അരുളിച്ചെയ്തിരിക്കുന്നു" എന്ന രീതിയിൽ നമുക്ക് ഉത്തരം നൽകാം.

1. ഒന്ന് കൊരിന്ത്യർ 15:23-25 പറയുന്നത് യേശു തന്റെ രാജ്യം ഇപ്പോൾ ഭരിക്കുന്നു എന്നാണ്. അവൻ വീണ്ടും ഭൂമിയിലേക്ക് വരികയില്ല (1 തെസലൊനിക്യർ 4:13-18). അവൻ മദ്ധ്യാകാശത്തിൽ വരുമ്പോൾ, "രാജ്യം പിതാവായ ദൈവത്തെ ഏൽപിക്കും" പിന്നെ ഭരിക്കുവാൻ *ഭൂമി കാണുകയില്ല* (2 പത്രൊസ് 3), അവനോടുകൂടെ വാഴേണ്ടതിന്ന്, *പിന്നെ ഭൂമിയിൽ നീതിമാന്മാരും കാണുകയില്ല* (1 തെസലൊനിക്യർ 4). *തന്റെ രാജ്യം ഐഹികമല്ലെന്ന്* നമ്മുടെ കർത്താവ് യോഹന്നാൻ 18:36-ൽ വ്യക്തമായി പറഞ്ഞിരിക്കയാണ് രാജ്യം ഒന്നാം നൂറ്റാണ്ടിൽ സ്ഥാപിതമായെന്ന് താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങൾ യഥാക്രമം തെളിയിക്കുന്നു: മർക്കൊസ് 9:1; ലൂക്കൊസ് 24:49; പ്രവൃത്തികൾ 1:8; 2:4. പ്രവൃത്തികൾ 2 ഉം എഫെസ്യർ 1 ഉം ശ്രദ്ധയോടെ വായിച്ചാൽ, യേശു സ്വർഗാരോഹണം ചെയ്തതു മുതൽ യേശു തന്റെ രാജ്യം വാണുകൊണ്ടിരിക്കയാണ് എന്നു ബോധ്യമാകും.

2. മുൻപ് പറഞ്ഞ പല വാക്യങ്ങളും ഭൗമികമായ വാഴ്ച്ചക്ക് എതിരാണ്. യെരുശലേം എന്ന വാക്കു പോലും വെളിപ്പാട് 20-ൽ ഇല്ല.

3. യഹോവയുടെ സിംഹാസനവും ദാവീദിന്റെ സിംഹാസനവും ഒന്നു

തന്നെയായിരുന്നു എന്ന് 1 രാജാക്കന്മാർ 2:12 ലും 1 ദിനവൃത്താന്തം 29:23 ലും കാണാം. സെഖര്യാവ് 6:13, ദാനിയേൽ 7:13, 14 എഫെസ്യർ 1:20–23 ഉം വെളിപ്പാട് 3:21 മായി താരതമ്യം ചെയ്താൽ, യേശു സ്വർഗാരോഹണം ചെയ്തപ്പോൾ മുതൽ അവൻ പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നു എന്ന് വ്യക്തമാകും; (അതായത് ദാവീദിന്റെ സിംഹാസനം) പ്രവൃത്തികൾ 2:30 നോക്കുക). ക്രിസ്തു മടങ്ങി വന്ന് യെരുശലേമിൽ ദാവീദിന്റെ സിംഹാസനത്തിൽ ഇരിക്കുകയില്ല; അവൻ അതിൽ ഇരുന്നു കഴിഞ്ഞു.

4. യേശു ക്രൂശിൽ രക്തം ചിന്തിയപ്പോൾ, മോശെയുടെ ന്യായപ്രമാണത്തിന് നീക്കം വന്നു (മത്തായി 26:28; റോമർ 7:4–7; ഗലാത്യർ 2:21; എബ്രായർ 10:9, 10) എല്ലാവരും: അങ്ങനെ നമ്മുടെ രക്ഷകൻ ഒരു "നിത്യനിയമമാണ്" നമുക്ക് നൽകിയിരിക്കുന്നത് (എബ്രായർ 13:20).

5. യേശു "സമാധാനപ്രഭുവാണ്" (യെശയ്യാവ് 9:6). സാത്താനോടുള്ള അവന്റെ പോരാട്ടം "ആത്മിയമായിരുന്നു" (യോഹന്നാൻ 18:36; 2 കൊരിന്ത്യർ 10:4; എഫെസ്യർ 6:10–17; 1 തിമൊഥെയൊസ് 6:12). അക്ഷരികവും പ്രാകൃതവുമായ വാഴ്ച്ച അവകാശപ്പെടുന്നവർ ക്രിസ്തുവിനെതിരായി സംസാരിക്കുകയാണ്. *വെളിപ്പാട്* ആലങ്കാരികവും, ഭാവനയും, അലങ്കാരഭാഷയുമുള്ള പുസ്തകമാണെന്ന കാര്യം അവർ വിസ്മരിക്കുന്നു.

6. ആയിരാമാണ്ട് വാഴ്ച്ചക്കാരുടെ ഭക്തിവിരുദ്ധമായ മൂലകം അവർ സഭയെ അവഗണിക്കുന്നു എന്നതാണ്. ദൈവത്തിന്റെ നിത്യമായ ഉദ്ദേശമായിരുന്നു സഭ എന്ന് എഫെസ്യർ 3:9–11 വ്യക്തമാക്കുന്നു. അതുകൊണ്ട് സഭ എന്നത് രാജ്യത്തിനു പകരമായ പുനർചിന്തയല്ല. ഒരേ ആളുകളെ പറ്റി പറഞ്ഞിരിക്കുന്ന രണ്ട് പേരുകളാണ് രാജ്യവും സഭയും. മത്തായി 16:18, 19; കൊലൊസ്യർ 1:13; എബ്രായർ 12:23–28; റെവലേഷൻ 1:4–6.

7. "രണ്ടാം അവസരത്തിന്റെ സുവിശേഷം" എന്നു പറയുമ്പോൾ, നമ്മുടെ കർത്താവ് നൽകിയ മഹത്തായ ആജ്ഞയെ അവർ പ്രഹസനമാക്കുന്നു. അത് 2 കൊരിന്ത്യർ 5:10; എബ്രായർ 9:27 എന്നീ വേദഭാഗങ്ങൾക്ക് എതിരാണ്.

ധാരാളമായ തിരുവെഴുത്ത് തെളിവുകൾ വെച്ച്, തിരുവെഴുത്തിനെ-തിരായ ആയിരാമാണ്ട് വാഴ്ച്ചാ സിദ്ധാന്തം പൂർണ്ണമായും ത്യജിക്കണം.

ജോണി രാംസെയിൽനിന്നും എടുത്തതാണ്.